## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 557** — **7.7.2014-ന് മറുപടിക്ക്**

### നഗരസംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>,, കെ. സുരേഷ് കുറുപ്പ്<br>,, എ. എം. ആരിഫ്<br>ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലുള്ള റോഡുകളിലെ അനധികൃത പാർക്കിംഗും തെരുവ് കച്ചവടങ്ങളും മറ്റു കയ്യേറ്റങ്ങളും ഗതാഗതക്കുരുക്കിനിടയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ബി) നഗരങ്ങളിലും പട്ടണങ്ങളിലുമുള്ള ഇടുങ്ങിയ റോഡുകളും തകർന്നുവീഴാറായ പാലങ്ങളും മോശമായ ഡ്രെയിനേജ് സംവിധാനങ്ങളും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) ചില നഗരങ്ങളിൽ ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ? | സി) ഉദ്ദേശിക്കുന്നുണ്ട്. വാഹനങ്ങൾക്ക് പാർക്കിംഗിന് സൗകര്യം ഏർപ്പെടുത്തുന്നതിന് നഗരസഭകൾ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികളും ആലോചനയിലുണ്ട്. തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള സംസ്ഥാനനയത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>തനതു ഫണ്ടും നഗരസഭകൾക്ക് വർഷം തോറും ലഭിച്ചു കൊണ്ടിരിക്കുന്ന ഡവലപ്പ്മെന്റ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുകയുടെ നല്ലൊരു ശതമാനം തുകയും ഇത്തരത്തിലുള്ള പ്രശ്ന പരിഹാരത്തിന് വിനിയോഗിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**